**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 882** **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാകുവാൻ അകാരണമായ കാലതാമസം നേരിടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങളുടെ വിതരണത്തിൽ അകാരണമായ കാലതാമസം നേരിടുന്നില്ല. |
| (ബി) | 2017 മുതൽ 2022 വരെയുള്ള കാലയളവിൽ പട്ടികജാതി ക്ഷേമവകുപ്പ് പ്രീമെട്രിക് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുവാൻ സർവ്വെയോ പഠനമോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2017 മുതൽ 2022 വരെയുള്ള കാലയളവിൽ പട്ടികജാതി വികസന വകുപ്പ് പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ ഗുണദോക്താക്കൾ നേരിട്ട്, പഠിക്കുന്ന സ്ഥാപനങ്ങൾ വഴി അപേക്ഷിക്കുന്നതിനാൽ പ്രത്യേക സർവ്വേയുടെയോ പഠനത്തിന്റെയോ ആവശ്യം ഉണ്ടാകുന്നില്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രീമെട്രിക് പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തിയ രീതിയേതെന്നും പദ്ധതിക്കായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ; | (സി) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിലെ ഗുണഭോക്താക്കൾ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളിലെ പട്ടികജാതി വിഭാഗ വിദ്യാർത്ഥികളാണ്. ഓരോ സ്കൂളുകളിലേയും പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് അപേക്ഷകൾ അതത് സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന മേധാവികൾ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായി സമർപ്പിക്കുകയും ഓരോ വിദ്യാർത്ഥികളുടേയും സ്കോളർഷിപ്പ് അപേക്ഷകളും അതത് പട്ടികജാതി വികസന ഓഫീസ് മുഖേന വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിൽ അനുവദിക്കുകയും ചെയ്യുന്നു.<br><br>2021-22 വർഷം മുതൽ 2025-26 വർഷം വരെ പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിവരം ചുവടെ ചേർക്കുന്നു. |

| അധ്യയന വർഷം | ബഡ്ജറ്റ് വിഹിതം (കോടി) | ചെലവ് (കോടി) |
|---|---|---|
| 2021-22 | 86.38 | 86.38 |

<table>
<tr><td></td><td></td><td></td><td><table>
<tr><td>2022-23</td><td>103.00</td><td>103.00</td></tr>
<tr><td>2023-24</td><td>79.00</td><td>79.00</td></tr>
<tr><td>2024-25</td><td>81.12</td><td>81.12</td></tr>
<tr><td>2025-26</td><td>103.00</td><td>78.68<br>(നാളിതു വരെ)</td></tr>
</table></td></tr>
<tr><td>(ഡി)</td><td>പട്ടികജാതി വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനായി എന്തെല്ലാം പുതിയ കർമ്മ പദ്ധതികളാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?</td><td>(ഡി)</td><td>പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങളുടെ വിതരണം സമയ ബന്ധിതമായി നടന്നു വരുന്നുണ്ട്. ഓരോ പദ്ധതികളും ഓൺലൈനായാണ് നടപ്പിലാക്കി വരുന്നത്. അർഹരായ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുകകൾ അതത് വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് അനുവദിച്ചു വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ